# ലാലൂർ കൺവെൻഷൻ

തൃശ്ശൂർ : ലാലൂർ മാലിന്യ സംസ്കരണ ശാലയുടെ പണി നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കുവാൻ സമ്മർദ്ദം ചെലുത്താനും പ്ലാസ്റ്റിക് നിരോധനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി ലാലൂർ മലിനീകരണവിരുദ്ധ സമര സമിതിയുടെ ആഭിമുഖ്യത്തിൽ കൺവെൻഷൻ നടത്തി.

ഫെബ്രുവരി 24-ാം തിയ്യതി അയ്യന്തോൾ നിർമ്മിതി കേന്ദ്ര ഓഡിറ്റോറിയത്തിൽ വെച്ച് ടി. കെ. വാസുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കൺവെൻഷൻ വൈശാഖൻ ഉദ്ഘാടനം ചെയ്തു. പ്ലാസ്റ്റിക്കും അതിന്റെ ദൂഷ്യവശങ്ങളും എന്ന വിഷയത്തെക്കുറിച്ച് എം. ഐ. വർഗ്ഗീസും, ഉപഭോഗ സംസ്കാരത്തിന്റെ രാഷ്ട്രീയം എന്ന വിഷയത്തെക്കുറിച്ച് ഡോ. കെ. അരവിന്ദാക്ഷനും, മാലിന്യം എങ്ങനെ ഇല്ലായ്മ ചെയ്യാം എന്ന വിഷയത്തെക്കുറിച്ച് തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന തണൽ എന്ന സംഘടനയുടെ പ്രവർത്തകനായ ഷിബു എസ്. നായരും സംസാരിച്ചു.

കഴിഞ്ഞ ഒക്ടോബർ 10 ന് തൃശ്ശൂർ രാമനിലയത്തിൽവെച്ച് ജില്ലാ കളക്ടർ കോർപ്പറേഷൻ മേയർ തുടങ്ങിയവർ പങ്കെടുത്ത യോഗത്തിൽ മാർച്ച് 1 ന് മുൻപായി മാലിന്യസംസ്കരണശാലയുടെ പണി പൂർത്തിയാക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഇത് നടപ്പിലാവാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നിലപാടിനെക്കുറിച്ചും യോഗം ചർച്ച ചെയ്തു. ലാലൂരിലേക്ക് കൊണ്ടുവരുന്ന മാലന്യങ്ങളുടെ അളവ് കുറക്കുമെന്നും പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിക്കുമെന്നും രാമനിലയം യോഗം വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ഇതു നടപ്പിലായിട്ടില്ലെന്ന് യോഗം വിലയിരുത്തി.